പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ഒറ്റത്തവണ സഹായ പദ്ധതി

13 (167) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒറ്റത്തവണ സഹായ പദ്ധതി നടപ്പാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി പ്രകാരം ഒറ്റത്തവണ സഹായം നൽകുകയുണ്ടായി ;

(സി) ഒറ്റത്തവണ സഹായ പദ്ധതിക്ക് അർഹമായ സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പദ്ധതികൾ സംബന്ധിച്ച തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടായിരുന്നുവോ; അതിന്റെ അടിസ്ഥാനത്തിൽ പ്രായോഗികമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്ന സ്ഥാപനങ്ങൾക്ക് ഒറ്റത്തവണ സഹായമെന്ന നിലയിൽ 2003-04, 2005-06 കാലയളവിൽ കമ്പനിയിലെ അധികമുള്ള ജീവനക്കാരെ കമ്പനിയുടെ പ്രൊപ്പോസലുകൾ അനുസരിച്ച് സ്വയം പിരിഞ്ഞുപോകൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി ഓട്ടോകാസ്റ്റ് ലിമിറ്റഡ്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്, ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡ്, സിൽക്ക് എന്നീ സ്ഥാപനങ്ങൾക്കും, ധനകാര്യ സ്ഥാപനങ്ങൾക്കുമായി One Time Settlement-ൽ ഏർപ്പെടുന്നതിനും കടങ്ങൾ കൊടുത്തുതീർക്കുന്നതിനുമായി കേരള സ്റ്റേറ്റ് കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ടെക്സ്ഫെഡ്, കാപ്പെക്സ്, സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ്, കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കും പ്രവർത്തന മൂലധന സഹായമായി ടെക്സ്ഫെഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കും ധനസഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ കേരള ഗാർമെന്റ്സ് ലിമിറ്റഡിന് പ്രവർത്തന മൂലധനത്തിനായും, Capital Upgradation, Dues to retired employees എന്നീ ഇനങ്ങളിലായി 52.47 ലക്ഷം രൂപയും സ്കൂട്ടേഴ്സ് കേരളയ്ക്ക് നിലവിലുള്ള Work Orders പൂർത്തീകരിക്കുന്നതിനും വിരമിച്ച ജീവനക്കാർക്കുള്ള കുടിശ്ശികയിനത്തിലും 40.16 ലക്ഷം രൂപയും മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് repairs & maintenance-നായി 12 ലക്ഷം രൂപയും margin money for working capital ഇനത്തിൽ 15 ലക്ഷം രൂപയും കേരള സിറാമിക്സ് ലിമിറ്റഡിന് പ്രവർത്തന മൂലധനസഹായമായി 40 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കൂടാതെ ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡിന് പ്രവർത്തന മൂലധനസഹായമായി ഒരു കോടി രൂപ ജനുവരി 2006-ൽ അനുവദിച്ചിട്ടുണ്ട്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് സർക്കാർ എടുത്ത തീരുമാനങ്ങളെല്ലാം തന്നെ അതാത് പൊതുമേഖലാ സ്ഥാപനത്തിലെ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയതിനുശേഷമാണ്.

പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ഒറ്റത്തവണ സഹായ പദ്ധതി

14 (168) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾക്ക് 'ഒറ്റത്തവണ സഹായ പദ്ധതി' നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ ;

(ബി) എങ്കിൽ ഈ പദ്ധതിക്കായി തയ്യാറാക്കിയ വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇവയിൽ എത്ര സ്ഥാപനങ്ങൾക്ക് പ്രഖ്യാപിത സഹായ പദ്ധതി ലഭ്യമാക്കിയെന്നും അതുവഴി ആ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള പുരോഗതിയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ഡി) ഈ സഹായ പദ്ധതി വഴി എത്ര തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം ഉറപ്പാക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധത്തിൽ നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പുരോഗതി വിലയിരുത്തി വരുന്നതേയുള്ളൂ.

(ഡി) 9257 ജീവനക്കാരുടെ തൊഴിൽ സംരക്ഷണം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly